വനത്തിനുള്ളിലെ കഞ്ചാവ് കൃഷി

16 (777) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനത്തിനുള്ളിൽ എവിടെയെല്ലാം കഞ്ചാവുകൃഷി നടത്തിവരുന്നു ;

(ബി) കഞ്ചാവ് കൃഷിയെപ്പറ്റി വിവരം ലഭിച്ചാൽ വനംവകുപ്പ് സ്വീകരിക്കുന്ന നടപടികളെന്തെല്ലാം ;

(സി) അട്ടപ്പാടി വനത്തിൽ എവിടെയെല്ലാം കഞ്ചാവുകൃഷി നടത്തി വരുന്നതായി അറിവുണ്ട് ;

(ഡി) ഈ കൃഷി നശിപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ വനത്തിനുള്ളിൽ കഞ്ചാവു കൃഷി നടത്തി വരുന്നില്ല. വനത്തിനുള്ളിലെ കഞ്ചാവു കൃഷിയെപ്പറ്റി വിവരം ലഭിച്ചാൽ വനസംരക്ഷണസേന, ഫ്ളയിംഗ് സ്കാഡ് എന്നിവ സംയുക്തമായി റെയിഡുകൾ നടത്തി കഞ്ചാവു കൃഷി നശിപ്പിക്കുകയും കുറ്റകൃത്യങ്ങൾക്ക് ഫോറസ്റ്റ് ആക്ട് പ്രകാരം കേസ് ചാർജ് ചെയ്യുകയും തുടർന്ന് നർക്കോട്ടിക് ആക്ട് പ്രകാരം നടപടി സ്വീകരിക്കുന്നതിന് പോലീസ് അധികൃതർക്ക് കേസ് കൈമാറ്റം ചെയ്യുകയും ചെയ്യുന്നു.

(സി&ഡി) അട്ടപ്പാടി ഫോറസ്റ്റ് റെയിഞ്ചിൽ പൊടുർ സ്റ്റേഷനിൽ 2.6 ഏക്കറിൽ കഞ്ചാവു കൃഷി കണ്ടെത്തി നശിപ്പിച്ചിട്ടുണ്ട്.

കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേയ്ക്കുള്ള നിയമനം

17 (778) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ അസിസ്റ്റന്റ് ഗ്രേഡ് -2 തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായി പി.എസ്.സി റാങ്കുലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ലിസ്റ്റിൽ നിന്നും നാളിതുവരെയായി എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) മേൽപ്പറഞ്ഞ സ്ഥാപനത്തിൽ അസിസ്റ്റന്റ് ഗ്രേഡ് -2 ന്റെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) എത്രപേർ ഇതേ തസ്തികയിൽ ഈ സ്ഥാപനത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly